## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3031 15.02.2013 - ൽ മറുപടിയ്ക്ക്

### നെൽവയൽ നികത്തലിന് ഇളവ് നൽകുന്നത് പരിശോധിക്കുന്ന സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുആവശ്യങ്ങൾക്കായി നെൽവയലുകൾ നികത്തുന്നതിന് ഇളവ് നൽകുന്നത് പരിശോധിക്കാൻ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ടോ; നിലവിൽ ഉള്ള ഇതിന്റെ ഘടനയും ആരൊക്കെയാണ് അംഗങ്ങൾ എന്നും വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. കാർഷികോൽപാദന കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണർ, സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ദ്ധൻ, നെൽ കൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ സംസ്ഥാന തല സമിതിയിലെ അംഗങ്ങൾ ആയിരിക്കുന്നതും കാർഷികോൽപാദന കമ്മീഷണർ അതിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്. |
| (ബി) പ്രാദേശികതലത്തിലുള്ള ഈ കമ്മിറ്റിയുടെ ഘടനയും അംഗങ്ങളും ആരൊക്കെയെന്ന് വിശദമാക്കാമോ; | (ബി) പ്രാദേശിക തലകമ്മിറ്റിയുടെ ഘടനയും അംഗങ്ങളും താഴെപ്പറയുന്ന പ്രകാരമാണ്.<br><br>കൃഷി ഓഫീസർ - കൺവീനർ<br><br>ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പാലിറ്റിയുടെ അഥവാ കോർപ്പറേഷന്റെ പ്രസിഡന്റ് അഥവാ ചെയർപേഴ്സൺ/മേയർ - ചെയർമാൻ<br><br>ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പാലിറ്റിയുടെ അഥവാ കോർപ്പറേഷന്റെ അധികാരിതയുള്ള കൃഷി ഓഫീസർ/ ഓഫീസർമാർ - അംഗം/അംഗങ്ങൾ<br><br>പ്രസ്തുത പ്രദേശത്ത് അധികാരിതയുള്ള വില്ലേജ് ഓഫീസർ / ഓഫീസർമാർ - അംഗം/അംഗങ്ങൾ |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ നെൽകൃഷിക്കാരുടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് പ്രതിനിധികൾ ; |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിക്ക് മുന്നിൽ എത്ര അപേക്ഷകൾ നെൽവയൽ നികത്തണമെന്നാവശ്യപ്പെട്ട് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) & (ഡി) & (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഇതിൽ എത്രയെണ്ണത്തിൽ അനുകൂലമായും എത്രയെണ്ണത്തിൽ പ്രതികൂലമായും തീരുമാനമെടുത്തെന്ന് ഓരോ അപേക്ഷയുടെയും വിശദാംശം വെളിപ്പെടുത്താമോ; | | |
| (ഇ) | സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അനുമതി നിഷേധിച്ച എത്ര അപേക്ഷകളിൽ സർക്കാർ നേരിട്ട് തീരുമാനമെടുത്തെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ